(സി) അതിൽ എത്ര ടൺ വിറ്റഴിഞ്ഞു ;

(ഡി) മരച്ചീനി സബ്സിഡിയിനത്തിൽ 1955 ആഗസ്റ്റ് 15-ാം തീയതിവരെ ഗവണ്മെന്റിനു് എന്തു തുക ചെലവായി ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) പുതിയതായി 194 സംഘങ്ങൾ രജിസ്റ്റർ ചെയ്തു. മുന്നെണ്ണം മരച്ചീനി സംഘങ്ങൾ ആയി മാറ്റിയതു ഉൾപ്പെടെ ആകെ 197.

(ബി) സഹകരണസംഘങ്ങൾ ശേഖരിച്ച മരച്ചീനിയുടെ കണക്കു് ഗവണ്മെന്റിന്റെ കൈവശം ഇല്ല. സംഘങ്ങളിൽനിന്നും ആകെ 9794 ടൺ 3 ഹ. 2. കാർട്ടർ 27 പൗണ്ടു് ഉണക്കിയ മരച്ചീനി വിലയ്ക്കു് എടുത്തിട്ടുണ്ടു്.

(സി) ഗവണ്മെന്റ് വാങ്ങിയ മരച്ചീനിയുടെ വിൽപ്പന തുടങ്ങിയിട്ടില്ല.

(ഡി) സംബ്സിഡി ഇനത്തിൽ ഈ കഴിഞ്ഞ ആഗസ്റ്റ് വരെ ഗവണ്മെന്റിന്റെ ചെലവു ഒന്നും ഇല്ല.

ശ്രീ. പി. വിശ്വംഭരൻ: ശേഖരിച്ചിട്ടുള്ള കപ്പ വിറ്റഴിയാതെ ചീത്തയായിപ്പോകുന്നുവെന്നു് അറിയാമോ ?

ശ്രീ. എ. ജെ. ജാൺ: അതിനു്വേണ്ട നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്.

കൊലപാതകങ്ങൾ.

* 72. [8] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ മുതലാളിമാരുടെ ഗുണ്ടാകൾ തൊഴിലാളിപ്രവർത്തകരെ കുത്തിക്കൊന്നതായി പരാതികൾ കിട്ടിയിട്ടുണ്ടോ ;

(ബി) അച്ചൻകോവിൽ, പൊന്നാൻചുണ്ടു്, എരുമേലി എന്നീ സ്ഥലങ്ങളിൽവച്ചു് ഇത്തരം കൊലപാതകങ്ങൾ നടത്തിയ ഗുണ്ടാകളുടെ മേൽ കേസുകൾ ചാർജ്ജു് ചെയ്തിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇല്ല.

(ബി) അച്ചൻകോവിൽ, പൊന്നാൻചുണ്ടു് ഈ സ്ഥലങ്ങളിൽ എ. എൻ. ഐ. യു. സി.-യും കമ്മ്യൂണിസ്റ്റുപാർട്ടിയും തമ്മിൽ സംഘട്ടനം ഉണ്ടു്. അവയെപ്പറ്റി കേസുകൾ നിലവിൽ ഉണ്ടു്.

ശ്രീ. ആർ. സുഗതൻ : എരുമേലി സംഭവം എന്താണു് ?

ശ്രീ. എ. ജെ. ജാൺ : അതിന്റെ പൂർണ്ണവിവരങ്ങൾ ലഭിച്ചിട്ടില്ല.

ശ്രീ. ആർ. സുഗതൻ : അച്ചൻകോവിൽ കേസിലെ വാദിഭാഗം സാക്ഷിയെ പ്രതിയാക്കിയതായി പരാതി കിട്ടിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഐ. എൻ. റ്റി. യു. സി. എന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നും പറയുകയുണ്ടായി. അതായത്, ഒന്ന് രാഷ്ട്രീയ പാർട്ടിയായിട്ടും ഒന്ന് ട്രെയിഡ് യൂണിയനായിട്ടും; ഇത് ഉദ്ദേശപരമല്ലേ ?

ശ്രീ. എ. ജെ. ജാൺ : അല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഇതിൽ ഒന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി അല്ലെങ്കിൽ ഇടതുപക്ഷം എന്ന പറഞ്ഞിരിക്കേ ഐ എൻ. റ്റി. യു. സി. യുടെ നേതൃത്വത്തെ സംബന്ധിച്ചിടത്തോളം കാണ്ഗ്രസ്സുകാർ എന്ന പറയുന്നതല്ലേ ശരി ?

ശ്രീ. എ. ജെ. ജാൺ : ഓരോരുത്തക്കും ഓരോമാതിരി അഭിപ്രായമുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഇടതുപക്ഷപാർട്ടിയെ പാർട്ടിയുടെ പേരിലാണോ യൂണിയന്റെ പേരിലാണോ സംബോധന ചെയ്യുന്നത് ?

ശ്രീ. എ. ജെ. ജാൺ : അത് സന്ദർഭം അനുസരിച്ചു ചെയ്യും.

ശ്രീ. പ്രാക്കുളം ഭാസി : എരുമേലിയിൽ കൊലപാതകം എങ്ങനെ ഉണ്ടായി ?

ശ്രീ. എ. ജെ. ജാൺ : പൂർണ്ണവിവരങ്ങൾ ലഭിച്ചുകഴിഞ്ഞിട്ടില്ല. ഇന്നലെ വൈകുന്നേരമാണ് ഫയൽ എന്റെ കൈയ്യിൽ കിട്ടിയത്. അതിൽ ഈ വിവരം ഇല്ല.

ശ്രീ. പ്രാക്കുളം ഭാസി : രണ്ട് രാഷ്ട്രീയ പാർട്ടിയുടെ സംഘട്ടനം കൊണ്ടല്ല അതു ഉണ്ടായതെന്നും ഗുണ്ടാകളുടെ അക്രമമാണ് അതിനു കാരണമെന്നും അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : വിവരങ്ങൾ ലഭിച്ചിട്ടില്ല.

ശ്രീ. ടി. ഒ. ചാവ : കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ഒരാൾ ഐ. എൻ. റ്റി. യു. സി-യിലുള്ള ഒരാളെ കൊലപ്പെടുത്തിയതായി അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

ശ്രീ. കെ. സി. ജാക്ക് : ഇതിനെ സംബന്ധിച്ചുള്ള വിവരം എപ്പോൾ തരുവാൻ സാധിക്കും ?

ശ്രീ. എ. ജെ. ജാൺ : ഈ അസംബ്ലി കഴിയുന്നതിനു മുൻപ് കിട്ടിയാൽ തരാം.

ആയുർവ്വേദാശുപത്രി സ്ഥാപനം.

* 73. [9] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിനുശേഷം സ്റ്റേറ്റിൽ എത്ര പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ തുറന്നുവെന്ന് പറയുവാൻ കഴിയുമോ ;

LIBRARY ARCHIVES Kerala Legislative Assembly